"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP) -വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ആറടി പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്

സ.ഉ.(കൈ) നം.152/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം 26/07/2021

---

പരാമർശം:-

1 . WP(c) 30836/19 നം കേസിലെ 13.07.2020-ലെ ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായം

2. ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 29.06.2020-ലെ ബി2/3412/19 നം കത്ത്

3 . തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് -സി.ഇ.-ക്ക് സമർപ്പിച്ച 11.02.2021-ലെ ഡിബി6/18574/19/സിഇ/തസ്വഭവ നം. കത്ത്.

4.ആസൂത്രണ സാമ്പത്തികകാര്യ ആർ.കെ.ഐ) വകുപ്പിൽ നിന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയ 22.04.2021-ലെ ആർ.കെ.ഐ1/55/2020-ആസവ നം. കത്ത്.

5 . തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ നൽകിയ 19.11.2021-ലെ ഡിബി6/16599/19/സിഇ/തസ്വഭവ നം. കത്ത്.

6. 07.07.2021 -ലെ സ.ഉ(സാധാ) നം.1279/2021/തസ്വഭവ നം.സർക്കാർ ഉത്തരവ്

## ഉത്തരവ്

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ നൂറടിപ്പാലം പ്രളയകാലത്ത് തകർന്ന് ഗതാഗതയോഗ്യമല്ലാതായത് സംബന്ധിച്ച് ടി പ്രദേശത്തെ സെന്റ് ഫാത്തിമ ഹൈസ്കൂൾ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷയിൽ ബഹു.കേരള ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയും പരാമർശം (1)-ലെ വിധിന്യായ പ്രകാരം 18 മാസങ്ങൾക്കുള്ളിൽ പാലം നിർമ്മിച്ച് നൽകാൻ ഉത്തരവാകുകയും ചെയ്തിരുന്നു. ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നൂറടിപ്പാലം നിർമ്മാണത്തിന് 1,29,60,000/- രൂപ അടങ്കൽ തുക കണക്കാക്കി പ്രവൃത്തികൾ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. പരാമർശം (3) പ്രകാരം, നൂറടിപ്പാലം നിർമ്മാണം റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ ആസൂത്രണ സാമ്പത്തികകാര്യ (റീബിൽഡ് കേരള) വകുപ്പിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നിലവിലെ സ്ഥിതിയിൽ പാലങ്ങളുടെ നിർമ്മാണം റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുവാൻ കഴിയില്ലെന്ന് പരാമർശം (4) പ്രകാരം അറിയിക്കുകയുണ്ടായി.

ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം നൂറടിപ്പാലം നിർമ്മാണം റീബിൽഡ് കേരളയ്ക്ക് പുറമെ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ (CMLRRP) ഉൾപ്പെടുത്തി നിർവഹിക്കുന്നതിന്റെ സാധ്യതയും പരിഗണിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. പ്രളയത്തിൽ നശിച്ച ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നനുവദിച്ച 1000 കോടി രൂപയിൽ 988.0671 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇവയിൽ 44.2486 കോടി രൂപയുടെ 204 പ്രവൃത്തികളുടെ ഭരണാനുമതി പരാമർശം (6) പ്രകാരം റദ്ദാക്കിയിട്ടുണ്ട്.

CMLRRP പദ്ധതിക്കനുവദിച്ചിട്ടുള്ള 1000 കോടിയിൽ 56.1815 കോടി രൂപ ലഭ്യമായ സാഹചര്യത്തിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ പ്രളയത്തിൽ തകർന്ന നൂറടി പാലം നിർമ്മാണം (Construction of Bridge at Nooradipalam Miamala in Vandiperiyar) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും പ്രളയത്തിൽ തകർന്ന നൂറടി പാലം നിർമ്മാണം എന്ന പ്രവൃത്തി (Construction of Bridge at Nooradipalam Miamala in Vandiperiyar) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ (CMLRRP) ഉൾപ്പെടുത്തി നിർവഹിക്കുവാൻ 1.2960 കോടി രൂപയുടെ ഭരണാനുമതി നൽകി

ഉത്തരവാകുകയും ചെയ്യുന്നു. ഇപ്രകാരം WP(c)30836/19 നം. കേസിലെ 13.07.2020-ലെ ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതോടെ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ അടങ്കൽ തുക 945.1145 കോടി രൂപയായി വർദ്ധിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ധനകാര്യ വകുപ്പ്

റവന്യു (ഡി ആർ എഫ്) വകുപ്പ്

ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി

സെക്രട്ടറി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ , പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം, (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Forwarded to EE, Idukki for urgent necessary action

for Chief Engineer.